നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, മാടക്കത്തറ പഞ്ചായത്തിൽ 62 ലക്ഷം രൂപ മുതൽ മുടക്കുള്ള ഒരു പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കംപ്ലീറ്റായി. അതിന്റെ ഡിസൈൻ നടന്നുകൊണ്ടിരിക്കുകയാണ്. ഉടനെ തന്നെ അത് ആക്സിലറേറ്റഡ് വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തിനടത്തുന്നതിന് കേന്ദ്ര അനുമതിക്കുവേണ്ടി പുറകേ അയയ്ക്കാം. അനുമതി കിട്ടിയാൽ ഉടനെ തന്നെ വർക്ക് ഏറെടുക്കുന്നതാണ്.

(7) കറൻറ് ചാർജ് വർദ്ധനവുമൂലം തിയേറ്റർ ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. കാനം രാജേന്ദ്രൻ : കേരളത്തിലെ തിയേറ്ററുകളിലൊന്നും എയർ കണ്ടീഷനുകൾ പ്രവർത്തിക്കുന്നില്ല. വൈദ്യുതി ചാർജ് വർദ്ധിച്ചതുമൂലം എയർ കണ്ടീഷനുകൾ പ്രവർത്തിപ്പിക്കുന്നത് ലാഭകരമല്ല എന്ന് ആണ് ഈ തിയേറ്റർ ഉടമകൾ പറയുന്നത്. എന്ന് മാത്രമല്ല, അവർ ഇപ്പോൾ കേരളത്തിലെ തിയേറ്ററുകളെല്ലാം അടച്ചിടാനുള്ള ഒരു തീരുമാനവുമെടുത്തിരിക്കുകയാണ്. കേരളത്തിലെ ഫിലിം ചേംബറും, മറ്റ് സംഘടനകളും ഇതിനെക്കുറിച്ചുള്ള നിവേദനം ബഹുമാനപ്പെട്ട മന്ത്രിക്കും അതുപോലെ തന്നെ ബോർഡിനും സമർപ്പിച്ചുവെങ്കിലും ഇതുവരെ അനുഭാവപൂർണ്ണമായ ഒരു പരിഗണന ഉണ്ടായിട്ടില്ല. അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. എയർ കണ്ടീഷനുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, കേരളത്തിലെ വിദ്യുച്ഛക്തി നിരക്ക് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളേക്കാളും വളരെ കുറവാണ്. തൊട്ടടുത്ത കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ സിനിമ തിയേറ്ററുകൾക്ക് ഈടാക്കുന്നതിന്റെ പകുതിയോളം മാത്രമേ നമ്മൾ ഈടാക്കുന്നുള്ളൂ എന്നാണ് കണക്കുകളുടെ അടിസ്ഥാനത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എയർ കണ്ടീഷൻ പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അതിന് നിയമപരമായ നടപടികളെടുക്കണം. എയർ കണ്ടിഷൻ ടിക്കറ്റ് ചാർജ് ഈടാക്കി കൊണ്ട് എയർ കണ്ടിഷൻ പ്രവർത്തിക്കാത്ത സിനിമാ തിയേറ്ററുകളിൽ വേണ്ട നടപടികളെടുക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അത് കുറെ പ്രവർത്തികമാക്കിയിട്ടുമുണ്ട്. പിന്നെ ഇത് ഒരു കോടതി വിധിയെ തുടർന്ന് ഉണ്ടായിട്ടുള്ളതാണ്. സിനിമാ തിയേറ്ററുകാർ ഹൈക്കോടതിയിൽ കേസ് കൊടുത്തു. അവർക്ക് അനുകൂലമായി വിധിയുണ്ടായി. ബോർഡ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. ആ അപ്പീലിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചെയ്ത നടപടികൾ ശരിയാണെന്നും, ഈ ടാരിഫുകൾ നിലനിൽക്കത്തക്കതാണെന്നും പറഞ്ഞിരിക്കുന്നു. പക്ഷേ 1980-ലെ ടാരിഫിൽ സിനിമാ തിയേറ്ററുകൾ ഉപ്പെടെയുള്ള ലോ ടെൻഷൻ ഉപഭോക്താക്കൾ അത് ശ്രീ. രാജേന്ദ്രൻ പറഞ്ഞതിൽ വരികയില്ല. അദ്ദേഹം പറഞ്ഞത് എയർ കണ്ടിഷൻ തിയേറ്ററുകളുടെ കാര്യമാണ്. ലോ ടെൻഷൻ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ബോർഡിന് വേണമെങ്കിൽ പുനഃപരിശോധന നടത്താം എന്ന് ആ ജഡ്ജ്മെന്റിലുണ്ട്. അതുകൊണ്ട് പ്രയോജനമില്ല. 1981-ൽ ഇത് വീണ്ടും വർദ്ധിപ്പിക്കുന്ന ഒരു പരിതഃസ്ഥിതിയുണ്ടായിട്ടുണ്ട്. അപ്പോൾ ഒരു പ്രത്യേകത വളരെ ചുരുങ്ങിയ ഒരു കാലഘട്ടത്തിലേക്ക് മാത്രമേയുള്ളൂ. എന്തായാലും ബോർഡ് ഇത് പരിഹരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം തീർച്ചയായും പരിഗണിക്കാം. ഇത് വ്യാപകമാകാത്ത രീതിയിൽ എന്തെല്ലാം ചെയ്യാൻ കഴിയുമോ എന്നുള്ളതാണ്, തീർച്ചയായും അവരുമായി ചർച്ച ചെയ്യുകയും ഈ കാര്യത്തിൽ ഗവൺമെൻറിനേറയും, ബോർഡിനേറയും താൽപ്പര്യത്തിന് അനുഗുണമായി എന്തൊക്കെ ചെയ്യാൻ കഴിയുമോ, അതൊക്കെ ചെയ്യാം.

(8) കളമശ്ശേരി പ്രീമിയർ ടയേഴ്സ് ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. കെ. മൊഹമ്മദാലി : സർ, കേരളത്തിലെ വൻകിട വ്യവസായ സ്ഥാപനങ്ങളിലൊന്നായ കളമശ്ശേരി പ്രീമിയർ ടയേഴ്സ് ഏതവസാത്തിലും അടച്ച് പൂട്ടാമെന്ന ഗുരുതരമായ ഒരു നിലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെൻറ് 50 ശതമാനത്തിലേറെ പങ്കാളിത്തമുള്ള ഈ വ്യവസായ സ്ഥാപനം തുടർന്ന് നല്ല നിലയിൽ കൊണ്ടു പോകുവാൻ മാനേജുമെൻറ് തയ്യാറാകുന്നില്ലെന്നുള്ളതാണ് ഈ സ്ഥാപനം ഈ നിലയിൽ എത്തുവാൻ കാരണമായിട്ടുള്ളത്. ഇന്ന് ആയിരത്തിലേറെ വരുന്ന ആ വ്യവസായ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് മാസത്തിൽ പത്ത് ദിവസം മാത്രമാണ് ആ സ്ഥാപനത്തിൽ ജോലിയുള്ളത്. ധനകാര്യ സ്ഥാപനങ്ങളും, മറ്റ് പല ഏജൻസികളും, ഐ. ഡി. ബി. ഐ. ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളും ഈ സ്ഥാപനം നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുവാൻ സാമ്പത്തിക സഹായം ചെയ്യുവാൻ തയ്യാറായി വന്നിട്ടുണ്ട്. ഇതിൻെറ മാനേജുമെൻറ് അത് ഉപയോഗപ്പെടുത്താൻ വരുന്നില്ലെന്നുള്ളതാണ് പ്രശ്നം. ഇൻഡ്യയിലെ ടയർ ഫാക്ടറികളെല്ലാം തന്നെ ആദായകരമായി നല്ല നിലയിൽ വരുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനം ആയ കളമശ്ശേരി പ്രീമിയർ ടയേഴ്സ് അടച്ചു പൂട്ടാനിടയായ ഗുരുതരമായ സാഹചര്യത്തിലേക്ക് ഈ സ്ഥാപനത്തെ വലിച്ചിഴച്ചു മാനേജ്മെൻറിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുവാനും, ഇതിനെ തുടർന്നു കൊണ്ട് പോകുവാനും, ആയിരത്തിലേറെ തൊഴിലാളികളും ആശങ്കാകുലരായിരിക്കുന്ന ഈ സാഹചര്യം ഒഴിവാക്കാനും ഗവൺമെൻറ് അടിയന്തിരമായ നടപടികളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : 215 ലക്ഷം രൂപ മുതൽ മുടക്ക് കാണിക്കുന്ന ഈ സ്ഥാപനത്തിൽ സംസ്ഥാന ഗവൺമെൻറിൻെറ ഓഹരി 60 ലക്ഷം രൂപയാണ്. സംസ്ഥാന ഗവൺമെൻറിൽ നിന്നും സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കിട്ടിയ തുക കൂട്ടിയാൽ 49 ശതമാനമാകും. ഇതിനാവശ്യമായ പല സഹായങ്ങൾക്ക് വേണ്ടി മാനേജ്മെൻറ് ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ട്. 10 കോടി രൂപയുടെ റിക്കവറാലൈസ്ഡ് സ്കീമാണുള്ളത്. അതുപോലെ അതിൽ പ്രൊമോട്ടേഴ്സിൻെറ 200 ലക്ഷത്തിൽ 50 ലക്ഷം സംസ്ഥാനഗവൺമെൻറ് വഹിക്കാമെന്ന് സമ്മതിച്ചു. ഇപ്പോൾ അവർക്ക് വേണ്ടത് 6 കോടി രൂപയുടെ ഗ്യാരൻറിയാണ്. സാമ്പത്തിക സ്ഥാപനങ്ങളും അത് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഒരു കൺസേർഷ്യമാകും. പക്ഷേ അത് നൽകണമെങ്കിൽ സംസ്ഥാന ഗവൺമെൻറ് നിർദ്ദേശിക്കുന്ന ചില ഉപാധികളും അവർ സ്വീകരിക്കണമെന്ന് സംസ്ഥാന ഗവൺമെൻറ് നിർബന്ധിക്കുകയാണ്. അതിൽ, മാനേജ്മെൻറ് പ്രൊഫഷണൽ മാനേജ്മെൻറായിരിക്കണം, മറ്റ് ചില കാര്യങ്ങളും ഉണ്ട്. അത്കൂടി അംഗീകരിക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly